(ബി) മുഖ്യമന്ത്രിക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡി.ജി.പി.യും കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ജേക്കബ് തോമസ് ഐ.പി.എസ്. (KL:1985) ഒരു പരാതി സമർപ്പിച്ചിരുന്നു. പരാതി അടിസ്ഥാന രഹിതമാണെന്ന് കണ്ടതിനാൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് പരാതി തീർപ്പാക്കുകയുണ്ടായി.

(സി) സംസ്ഥാനത്ത് ഡി.ജി.പി. റാങ്കിൽ 4 ഐ.പി.എസ്. ഉദ്യോഗസ്ഥരുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഡി.ജി.പി. റാങ്കിലെ വേതനം ലഭിക്കുന്ന തസ്തികകളിൽ തന്നെയാണ് നിയമനം നൽകിയിരിക്കുന്നത്.

(ഡി) ഡി.ജി.പി. റാങ്കിലുള്ള കേഡർ തസ്തികയായ ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഒഴിച്ചിട്ടുകൊണ്ട് ex-cadre തസ്തികകളിൽ നിയമനം നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ. ലോക്നാഥ് ബെഹ്റ ഐ.പി.എസ്., ശ്രീ. ഋഷിരാജ് സിംഗ് ഐ.പി.എസ്. എന്നിവർ പരാതി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരാതികൾ സർക്കാരിന്റെ പരിശോധനയിലാണ്.

സേവനാവകാശ നിയമം

85 (56) ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) 2012 നവംബർ ഒന്ന് മുതൽ നിലവിൽ വന്ന സേവനാവകാശ നിയമം നടപ്പിലാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ഇപ്രകാരമാണ്. സേവനാവകാശ നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 3-ാം

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ പ്രകാരം ഈ നിയമം പ്രാബല്യത്തിൽ വന്ന തീയതി മുതൽ 6 മാസത്തിനകം ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പുമേധാവിയും പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതായ സേവനങ്ങൾ (ടി നിയമം 2 (ജി)വകുപ്പിന്റെ പരിധിയിൽപ്പെട്ടവ), നിയുക്ത ഉദ്യോഗസ്ഥർ, നിശ്ചിത സമയപരിധി, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്.

പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുകയെന്നതും അഴിമതി കുറയ്ക്കുകയെന്നതുമാണ് സേവനാവകാശ നിയമം നടപ്പിലാക്കുന്നതുവഴി ലക്ഷ്യമിടുന്നത്. 23-11-2012, 19-2-2013 എന്നീ തീയതികളിലെ 21145/ഏ.ആർ.12 (1)/12/ഉ.ഭ.പ.വ., 20-12-2012-ലെ 14944/ ഏ.ആർ12(1)/12/ഉ.ഭ.പ.വ., 4-10-2013-ലെ 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ. എന്നീ സർക്കുലറുകൾ പ്രകാരം ടി നിയമം നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കും കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിലേയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ നിയുക്ത ഉദ്യോഗസ്ഥനോ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതി പോലെ അപേക്ഷകന്, ഫാറം നമ്പർ 1-ൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്ത പക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്ന് 21-10-2014-ലെ സർക്കുലർ നമ്പർ. 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമ പ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും വകുപ്പുതലവന്മാർ ബന്ധപ്പെട്ട ഭരണവകുപ്പ മുഖേന ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, സേവനങ്ങൾ ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേകം അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും 15-11-2014-ലെ 16203/ഏ.ആർ.12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ ഭരണവകുപ്പുകളും അവരുടെ നിയന്ത്രണത്തിലുള്ള വകുപ്പുകൾ/ സ്ഥാപനങ്ങളിൽ നിന്നും സേവനാവകാശനിയമ പ്രകാരം നൽകിയ സേവനങ്ങളെ സംബന്ധിച്ചുള്ള പ്രതിമാസ പ്രവർത്തന പത്രികയുടെ സമാഹൃത റിപ്പോർട്ട് എല്ലാ മാസവും 5-ാം തീയതിക്കുമുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്ന് 2-9-2015-ലെ 2062/ഏ.ആർ.12(1)/2015/ ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട്.

പേഴ്സണൽ സ്റ്റാഫ് നിയമനത്തിനായുള്ള സ്പെഷ്യൽ റൂൾസ്

86 (57) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മന്ത്രിമാരുടെയും മറ്റും പേഴ്സണൽ സ്റ്റാഫിൽ നേരിട്ടും വിവിധ ബോർഡ്, കോർപ്പറേഷൻ എന്നിവയിൽ നിന്നും ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ നിയമപ്രകാരം വിവിധ വകുപ്പ്, കോർപ്പറേഷൻ എന്നിവയിൽ നിന്നും പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുന്നവരുടെ കാര്യത്തിൽ അതു സാധാരണ ഡെപ്യൂട്ടേഷൻ നിയമനമായി കണക്കാക്കുന്നതുകൊണ്ട് അവർക്ക് സ്പെഷ്യൽ റൂൾസിൽ വിവക്ഷിക്കുന്ന സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യം പരിശോധിച്ച് പേഴ്സണൽ സ്റ്റാഫിലെ നിയമനങ്ങളും സേവനവും അതിനുള്ള സ്പെഷ്യൽ റൂൾസ് പ്രകാരമായി മാത്രം നിജപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നിലവിലുള്ള നിയമപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവർക്ക് മാതൃവകുപ്പിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമാണ് ലഭിക്കുക. പേഴ്സണൽ സ്റ്റാഫിനായുള്ള സ്പെഷ്യൽ റൂൾസിൽ ഡെപ്യൂട്ടേഷൻ പ്രകാരം ജോലി ചെയ്യുന്നവർക്ക് പ്രത്യേകം ആനുകൂല്യങ്ങളൊന്നും വിവക്ഷിക്കുന്നില്ല. പേഴ്സണൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly